## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **11-02-2025 - ൽ മറുപടിയ്ക്ക്**

### ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനു പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിനു പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ് /റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ് / റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് 05/01/23 – ലെ സ.ഉ(അച്ചടി)നം.2/2023 പജപവവിവ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നിലവിൽ അനുവദിച്ചുവരുന്നു.<br><br>പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാഡ്യുവേഷൻ മുതലുള്ള പഠനത്തിനായി 4.10.2017 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ. 81/2017/പജപവവ പ്രകാരം പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് നൽകിയിരുന്നു.<br><br>1.08.2023 ലെ സർക്കാർ ഉത്തരവ് (കൈ)നം. 5/2023/പജപവവിവ പ്രകാരം വിദേശപഠന സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC ( Overseas Development and Employment Promotion Consultants) ന്റെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | “കേരള സർക്കാർ- ഉന്നതി വിദേശ പഠന സ്കോളർഷിപ്പ് “ എന്ന പേരിൽ പരമാവധി 25 ലക്ഷം രൂപ വരെ (വരുമാന പരിധി ഇല്ലാതെ) പട്ടികവർഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 45 വിദ്യാർത്ഥികൾക്ക് വിദേശപഠന ധനസഹായവും 93 വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട് |
| (സി) | ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ട് വന്ന പട്ടികവർഗ്ഗക്കാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതിലൂടെ ആധുനിക സ്വാശ്രയ മേഖലകളിൽ കൂടി പട്ടികവർഗ്ഗയുവജനങ്ങൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനും പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീ യുവാക്കൾക്ക് അവരുടെ താൽപ്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത തൊഴിൽപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത തൊഴിൽ മേഖലയിൽ സ്വന്തമായി ഉപജീവനം കണ്ടെത്തുന്നതിനോ സാധിക്കുന്നുണ്ട്. ഇതിലൂടെ ഒരു പരിധിവരെ പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി |

| | | | |
|---|---|---|---|
| | | | വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ